**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **6355** **08.07.2014**-ൽ മറുപടിയ്ക്ക്

**രജിസ്ട്രേഷൻ വകുപ്പിലെ അഴിമതി**

| | **ചോദ്യം**<br>ശ്രീമതി. കെ.എസ്.സലീഖ | | **മറുപടി**<br>ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും<br>വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | സബ് രജിസ്ട്രാർമാരിൽ നിന്നും രജിസ്ട്രേഷൻ ഡി.ഐ.ജി. മാസപ്പടി ശേഖരിക്കുന്നു എന്ന രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് സ്പെഷ്യൽ സെൽ ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ്-ന്റെ നേതൃത്വത്തിൽ റെയ്ഡ് നടത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്; |
| (ബി) | എങ്കിൽ എന്ന് ; എത്ര ലക്ഷം രൂപ കണ്ടെടുത്തു ; ഏതെല്ലാം ഉദ്യോഗസ്ഥരിൽനിന്നും എത്ര തുക വീതം കണ്ടെടുത്തു; വ്യക്തമാക്കുമോ ; | (ബി) | 12.06.2014 ൽ; 2,61,610/- രൂപ; വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു; |
| (സി) | ഈ സർക്കാർ കാലയളവിൽ രജിസ്ട്രേഷൻ വകുപ്പിൽ പോലീസ് എത്ര റെയ്ഡുകൾ നടത്തി ; എത്ര തുക കണ്ടെടുത്തു ; വ്യക്തമാക്കാമോ ; | (സി) | മേൽ വിവരിച്ചത് കൂടാതെ 176 മിന്നൽ പരിശോധനകൾ കൂടി നടത്തുകയുണ്ടായി. ഇതിൽ 2,49,640/- രൂപയോളം കണ്ടെടുക്കുകയുണ്ടായി. |
| (ഡി) | കുറ്റക്കാരായ രജിസ്ട്രേഷൻ വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ പോലീസ് വകുപ്പ് എന്തു നടപടി സ്വീകരിച്ചു ; ആർക്കെങ്കിലും ശിക്ഷ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ നല്കിയ ശിക്ഷ എന്താണെന്ന് വ്യക്തമാക്കാമോ? | (ഡി) | കുറ്റക്കാരായ രജിസ്ട്രേഷൻ വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ പോലീസ് വകുപ്പ് നേരിട്ട് നടപടി സ്വീകരിക്കുന്നില്ല. എന്നാൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ മിന്നൽ പരിശോധനകളിലും മറ്റും കുറ്റക്കാരായി കണ്ടെത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി, ഉചിതമായ നടപടി, റിക്കവറി തുടങ്ങിയ ശിക്ഷാനടപടികൾ ശുപാർശ |

| | | | |
|---|---|---|---|
| | | | ചെയ്തുകൊണ്ടുള്ള റിപ്പോർട്ട് വിജിലൻസ് ഡയറക്ടർ വിജിലൻസ് വകുപ്പിലേയ്ക്ക് സമർപ്പിക്കുകയും, ടി റിപ്പോർട്ടുകൾ വിജിലൻസ് വകുപ്പ് വിശദമായി പരിശോധിച്ചതിനു ശേഷം, കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുക്കുന്നതിനായി ഭരണ വകുപ്പിനോട് ആവശ്യപ്പെടുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം. | ഓഫീസർ | കണ്ടെടുത്ത തുക (രൂപ) |
|---|---|---|
| 1. | സബ് രജിസ്ട്രാർ ഓഫീസർ, ചൊക്ലി | 4,170/- |
| 2. | ഹെഡ് ക്ലാർക്ക്, സബ് രജിസ്ട്രാർ ഓഫീസ്, വളപട്ടണം. | 9,600/- |
| 3. | ഹെഡ് ക്ലാർക്ക്, സബ് രജിസ്ട്രാർ ഓഫീസ്, കല്യാശ്ശേരി | 12,025/- |
| 4. | യു.ഡി.ക്ലാർക്ക്, ഡിസ്ട്രിക്ട് രജിസ്ട്രാർ ഓഫീസ്, തലശ്ശേരി | 4,400/- |
| 5. | ഡ്രൈവർ, ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ ഓഫീസ്, കോഴിക്കോട് | 2,400/- |
| 6. | സബ് രജിസ്ട്രാർ ഓഫീസർ, ആലക്കോട് | 1,28,135/- |
| 7. | സബ് രജിസ്ട്രാർ ഓഫീസർ, ശ്രീകണ്ഠപുരം | 2,325/- |
| 8. | സബ് രജിസ്ട്രാർ ഓഫീസർ, കണ്ണൂർ | 11,040/- |
| 9. | സബ് രജിസ്ട്രാർ ഓഫീസർ, മട്ടന്നൂർ | 5,760/- |
| 10. | ഡിസ്ട്രിക്ട് രജിസ്ട്രാർ, കണ്ണൂർ | 23,200/- |
| 11. | സബ് രജിസ്ട്രാർ ഓഫീസർ, പയ്യന്നൂർ | 8,570/- |
| 12. | ജൂനിയർ സൂപ്രണ്ട്, ഡിസ്ട്രിക്ട് രജിസ്ട്രാർ ഓഫീസ്, തലശ്ശേരി | 760/- |
| 13. | ഹെഡ് ക്ലാർക്ക്, സബ് രജിസ്ട്രാർ ഓഫീസ്, മടവമംഗല | 10,830/- |
| 14. | സബ് രജിസ്ട്രാർ ഓഫീസർ, ഇരിക്കൂർ | 7,930/- |
| 15. | യു.ഡി.ക്ലാർക്ക്, സബ് രജിസ്ട്രാർ ഓഫീസ്, പേരാവൂർ | 5,020/- |
| 16. | സബ് രജിസ്ട്രാർ ഓഫീസർ, അബരക്കണ്ടി | 4,020/- |
| 17. | സബ് രജിസ്ട്രാർ ഓഫീസർ, ഉളിക്കൽ | 16,610/- |
| 18. | സബ് രജിസ്ട്രാർ ഓഫീസർ, തളിപ്പറമ്പ് | 2,400/- |
| 19. | സബ് രജിസ്ട്രാർ ഓഫീസർ, കടച്ചിറ | 1,920/- |
| 20. | ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ, രജിസ്ട്രേഷൻ, കോഴിക്കോട് | 495/- |

ആകെ 2,61,610/- രൂപ

സെക്ഷൻ ഓഫീസർ